(സി) വിലയിരുത്താവുന്നതാണ്.

(ഡി) ഇല്ല.

(ഇ) വിവരം ശേഖരിച്ചുവരുന്നു.

സ്പോർട്ട്സ് കാട്ടയിൽ നിയമനം ലഭിച്ചവർക്ക് ഡിപ്പാർട്ട്മെന്റ് ടെസ്റ്റ് ഇളവ്

129 [3003] ശ്രീ. വി. കെ. സി. മമ്മത്കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്പോർട്ട്സ് കാട്ടയിൽ സർവ്വീസിൽ പ്രവേശിച്ച ജീവനക്കാർ തുടർന്നും കായിക മത്സരങ്ങളിൽ പങ്കെടുക്കുന്നതിനാൽ പ്രമോഷനാവശ്യമായ ഡിപ്പാർട്ട്മെന്റൽ ടെസ്റ്റുകൾ എഴുതാനുള്ള സാഹചര്യം നഷ്ടപ്പെടുന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ വിഭാഗം ജീവനക്കാർക്ക് ഡിപ്പാർട്ട്മെന്റൽ ടെസ്റ്റ് ഇളവ് നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഇല്ലെങ്കിൽ ഇക്കാര്യം പരിഗണിക്കുമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ്പോർട്ട്സ് കാട്ടയിൽ നിയമനം നൽകിയിട്ടുള്ളവരുടെ വർഷം തിരിച്ചുള്ള എണ്ണം വ്യക്തമാക്കാമോ;

(ഇ) ഇപ്രകാരം നിയമനം ലഭിച്ച എത്രപേർ ഇപ്പോൾ സർവ്വീസിലുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ;

(എഫ്) എങ്കിൽ എത്രയാണ് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ—സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് സ്പോർട്ട്സ് കാട്ടയിൽ നിയമന ഉത്തരവ് നൽകിയിട്ടും ജോലിയിൽ പ്രവേശിക്കാതിരുന്ന ആറുപേരുടെ ഒഴിവുകളിലേക്ക് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നിയമനം നൽകിയിട്ടുണ്ട്. വർഷം തിരിച്ചുള്ള എണ്ണം താഴെ കൊടുക്കുന്നു.

2001—1, 2002—3, 2004—2.

(ഇ) ഉണ്ട്.

(എഫ്) നാലുപേർ.

LIBRARY ARCHIVES Kerala Legislative Assembly